ദേശാഭിമാനി
18 July 2021

### കടൽപ്പായലിൽനിന്ന് ഔഷധനിർമാണം

# സിഎംഎഫ്ആർഐ ഗവേഷകന് ദേശീയ പുരസ്കാരം

**സിഎംഎഫ്ആർ ഐക്ക് നാല് ഐസിഎആർ പുരസ്കാരങ്ങൾ**



ഡോ. കാജൽ ചക്രവർത്തി

**കൊച്ചി**

കടൽപ്പായലിൽനിന്ന് ജീവിതശൈലീരോഗങ്ങൾക്കെതിരെയുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിച്ചതിന് സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയാംഗീകാരം.

ഐസിഎആർ ഗവേഷണരംഗത്ത് മികവ് തെളിയിച്ച ശാസ്ത്രജ്ഞർക്കുള്ള ഏറ്റവും ഉയർന്ന നോർമൻ ബോർലോഗ് പുരസ്കാരമാണ് കാജൽ ചക്രവർത്തിക്ക് ലഭിച്ചത്. അഞ്ചുവർഷത്തിലൊരിക്കലൊണ് പുരസ്കാരം നൽകുക. 10 ലക്ഷം രൂപയാണ് സമ്മാനത്തുക. ഇതിനുപുറമെ, അനുയോജ്യമായ ഗവേഷണപദ്ധതി നടപ്പാക്കുന്നതിന് അഞ്ചുവർഷത്തേക്ക് ഒന്നരക്കോടി രൂപ ഗവേഷണ ഗ്രാന്റും ലഭിക്കും. കാർഷിക ഗവേഷണരംഗത്ത് വഴിത്തിരിവാകുന്ന മികച്ച നേട്ടങ്ങളാണ് ഡോ. കാജൽ സ്വന്തമാക്കിയത്. സന്ധിവേദന, ടൈപ്പ് 2 പ്രമേഹം, അമിതവണ്ണം, അമിതരക്തസമ്മർദം, തൈറോയ്ഡ്, ഓസ്റ്റിയോ ആർത്രൈറ്റിസ് എന്നീ ജീവിതശൈലീരോഗങ്ങൾക്ക് ഫലപ്രദമായ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ കടൽപ്പായലിൽനിന്ന് വികസിപ്പിച്ചു. രോഗപ്രതിരോധശേഷി കൂട്ടാൻ സഹായമായ ഇമ്യൂൺബൂസ്റ്ററാണ് ഈ ഗണത്തിൽ ഏറ്റവും ഒടുവിലായി ഡോ. കാജൽ വികസിപ്പിച്ചത്. ഇതുകൂടാതെ മൂന്നു പുരസ്കാരങ്ങൾകൂടി സിഎംഎഫ്ആർഐക്ക് ലഭിച്ചു. മികച്ച ഡോക്ടറൽ പ്രബന്ധത്തിന് നൽകുന്ന ജവാഹർലാൽ നെഹ്റു പുരസ്കാരം സിഎംഎഫ്ആർഐയിൽ ഗവേഷക വിദ്യാർഥിയായ ഡോ. ഫസീന മക്കാറിന് ലഭിച്ചു. കൂടാതെ, ഔദ്യോഗിക ഭാഷാനയം മികവോടെ നടപ്പാക്കിയതിന് രാജർഷി ടാൻഡൻ രാജ്ഭാഷ പുരസ്കാരവും സിഎംഎഫ്ആർഐ നേടി. 11–ാമത് തവണയാണ് സിഎംഎഫ്ആർഐക്ക് ഈ പുരസ്കാരം ലഭിക്കുന്നത്.

മികച്ച ഹിന്ദി മാഗസിനുള്ള ഗണേഷശങ്കർ വിദ്യാർഥി പുരസ്കാരത്തിന് സിഎംഎഫ്ആർഐയുടെ ഹിന്ദി മാഗസിനായ 'മത്സ്യഗന്ധ' അർഹമായി. ഓൺലൈനായി സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്രമന്ത്രി നരേന്ദ്രസിങ് തോമർ പുരസ്കാരങ്ങൾ വിതരണം ചെയ്തു.